# 10 ലക്ഷം കവർന്നകേസിലെ മുഖ്യപ്രതി പിടിയിൽ

**പണം കവർന്നത് പഴയസ്വർണം വിൽക്കാനെന്ന വ്യാജേന വ്യാപാരിയെ വിളിച്ചുവരുത്തി**

**പാലക്കാട്** ▸ പഴയസ്വർണം വിൽക്കാനുണ്ടെന്നു പറഞ്ഞ് കോഴിക്കോട് സ്വദേശിയായ വ്യാപാരിയെ വിളിച്ചുവരുത്തി 10 ലക്ഷം രൂപ കവർന്ന കേസിൽ മുഖ്യപ്രതി പിടിയിലായി.

കോങ്ങാട് പൂതംകോട് സ്വദേശി ശ്യാമിനെയാണ് (28) പുതുശ്ശേരിയിൽനിന്ന് പാലക്കാട് ഡാൻസാഫ് സ്ക്വാഡും നാട്ടുകൽ പോലീസും ചേർന്ന് പിടികൂടിയത്.

2020 മേയ് 28-നാണ് കേസിനാസ്പദമായ സംഭവം. കോഴിക്കോട് സ്വദേശിയെ എടത്തനാട്ടുകര, ചൂരിക്കോട്ടെ റബ്ബർ തോട്ടത്തിൽ വിളിച്ചുവരുത്തിയശേഷം ആറുപേർ ചേർന്ന് ആക്രമിച്ച് പണം തട്ടുകയായിരുന്നുവെന്നാണ് കേസ്. സംഭവശേഷം നാലുപേർ പിടിയിലായി.

ശ്യാം തമിഴ്നാട്ടിലുംമറ്റുമായി ഒളിവിലായിരുന്നുവെന്ന് പോലീസ് പറഞ്ഞു. കുറച്ചുദിവസമായി പാലക്കാട് ഉണ്ടെന്ന രഹസ്യവിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്യാമിനെ നിരീക്ഷിച്ചശേഷം അറസ്റ്റ് ചെയ്യുകയായിരുന്നു. ഇതോടെ കേസിൽ അറസ്റ്റിലായവരുടെ എണ്ണം അഞ്ചായി.

ശ്യാം കൂടുതൽ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടിട്ടുണ്ടോ എന്ന് അന്വേഷിക്കുകയാണെന്നും പറഞ്ഞു. ശ്യാം ഇപ്പോൾ ഹൈഡ്രോവാലി പ്രോജക്ട് എന്നപേരിൽ കമ്പനി രൂപവത്കരിച്ച് ഇടപാട് നടത്തുകയാണെന്ന് പോലീസ് പറഞ്ഞു. കോടികളുടെ ഇടപാടാണ് നടത്തുന്നത്. ഈ നിർമാണ പദ്ധതിയെക്കുറിച്ചും അന്വേഷണം ആരംഭിച്ചതായി പോലീസ് പറഞ്ഞു. വൈദ്യപരിശോധനയ്ക്കുശേഷം ശ്യാമിനെ മണ്ണാർക്കാട് കോടതിയിൽ ഹാജരാക്കി, റിമാൻഡ് ചെയ്തു.

നാട്ടുകൽ ഇൻസ്പെക്ടർ ഹിദായത്തുള്ള മാമ്പ്ര, എസ്.ഐ. ഗ്ലാഡിങ്, എ.എസ്.ഐ. അരവിന്ദാക്ഷൻ, സീനിയർ സി.പി.ഒ.മാരായ അബ്ദുൾ നവാസ്, ബിനു, ഡാൻസാഫ് സ്ക്വാഡ് അംഗങ്ങളായ ടി.ആർ. സുനിൽകുമാർ, റഹിം മുത്തു, സൂരജ് ബാബു, കെ. അഹമ്മദ് കബീർ, കെ. ദിലീപ്, ആർ. രാജീദ് എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ പിടികൂടിയത്.